ററി ഫലത്തിൽ ഇല്ലാതായിരിക്കുന്നു. ഈ ചുററുപാടു് പഞ്ചാബ് പ്രശ്നത്തിനു് ഒരു രാഷ്ട്രീയപരിഹാരം കാണുക അസാദ്ധ്യമാക്കിയിരിക്കുന്നു.

'കറുത്ത ഇടിമുഴക്ക'ത്തിനുശേഷം പഞ്ചാബിലും അയൽ സംസ്ഥാനങ്ങളിലും വ്യാപകമായി നടന്നുവരുന്ന അക്രമങ്ങൾക്കു് ഉത്തരവാദി 'ബബ്ബർ ഖൽസ' എന്ന സിഖ് ഭീകരസംഘമാണെന്നു വിശ്വസിക്കപ്പെടുന്നതായി പറഞ്ഞുവല്ലോ. ഈ സംഘത്തിന്റെ നേതാവു് സുഖദേവസിംഹ് ധംകേ എന്നൊരാളാണ്. തിരഞ്ഞെടുത്ത ആളുകളെ കൊലപ്പെടുത്തുക, ബോംബ്സ്ഫോടനങ്ങൾ നടത്തുക എന്നിവയിലാണത്രെ ബബ്ബർഖാൽസയ്ക്കു വിശ്വാസം. എന്നാൽ, ഈയിടത്തെ അക്രമങ്ങളിൽ നിരപരാധികളായ എത്രയോ ആളുകൾ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന വസ്തുത നാം മറന്നുകൂടാ.

'കറുത്ത ഇടിമുഴക്കം' കഴിഞ്ഞു് പഞ്ചാബിൽ 'ഇടിമുഴക്കം' അപൂർവമായേ ഇപ്പോൾ കേൾക്കുന്നുള്ളു; പക്ഷേ, കറുപ്പു് അവിടെയെങ്ങും പരന്നിരിക്കുന്നു.

(25 ജൂൺ, 1988)

# 22. പഞ്ചാബിലെ ഭീകരർ

അടുത്ത ജനുവരിയിൽ പഞ്ചാബിലെ പഞ്ചായത്തുകളിലേക്കു തെരഞ്ഞെടുപ്പു് നടത്തുന്നതാണെന്നു് ഈ നവംബർ 22–ാം തീയതി ചണ്ഡീഗഢിൽ പ്രഖ്യാപിക്കപ്പെട്ടു. അന്നുതന്നെ പഞ്ചാബിലെ ചില ഭീകരപ്രവർത്തകർ ഒരു ജീപ്പിൽ അയൽസംസ്ഥാനമായ ഹരിയാനയിൽ കടന്നു് 16 ആളുകളെ വെടിവെച്ചു കൊന്നു. പഞ്ചാബിൽത്തന്നെ മൂന്നു് ആളുകളെ കൊല്ലുകയും 88,000 രൂപ കൊള്ളയടിക്കുകയുംചെയ്തു.

പഞ്ചാബിൽ ജനജീവിതം സമാധാനപൂർണമാക്കുന്നതിനുള്ള സർക്കാരിന്റെ മന്ദമായ ശ്രമത്തിന്റെയും ക്രമസമാധാനങ്ങൾ തികച്ചും തകർക്കുന്നതിനുള്ള ഭീകരപ്രവർത്തകരുടെ ഉഗ്രമായ ശ്രമത്തിന്റെയും ഇരമ്പം പത്രങ്ങളുടെ കോണുകളിൽ പതുങ്ങിക്കിടക്കുന്ന ഈ വാർത്തകളിൽ കാതു് അമർത്തിയാൽ നമുക്കു കേൾക്കാവുന്നതാണ്.

പഞ്ചാബിന്റെ പ്രശ്നം എന്നു തുടങ്ങിയതാണ്? ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയോടെ അതു് ആരംഭിച്ചു എന്നു പറയാം. ഇന്ത്യാവിഭജനത്തിന്റെ ഫലമായി ഏററവുമധികം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നതു് പഞ്ചാബികൾ—ഹിന്ദുക്കളും സിഖുകാരും—ആയിരുന്നു. മുസ്ലിങ്ങൾക്കു് പാകിസ്ഥാൻ പോലെ സിഖുകാർക്കു് ഒരു സ്വതന്ത്രരാജ്യം (ഖാലിസ്ഥാൻ) വേണമെന്ന ആഗ്രഹം അന്നുതന്നെ ചില സിഖുകാർ പുലർത്തിപ്പോന്നു. എന്നാൽ, തങ്ങളുടെ ഭാഗധേയം ഇന്ത്യയിലാണെന്നു കരുതുന്നവരായിരുന്നു സിഖുകാരിൽ ബഹുഭൂരിപക്ഷവും.

ബ്രിട്ടീഷുകാരുടെ ആധിപത്യകാലത്തു് പഞ്ചാബിൽ പ്രത്യേകിച്ചും അഭ്യസ്തവിദ്യർക്കിടയിൽ കൂടുതൽ പ്രചരിച്ചിരുന്ന ഭാഷ ഉറുദുവായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ അവശേഷിച്ച പഞ്ചാബ് ഭാഗത്തിൽ ഭൂരിപക്ഷമായിത്തീർന്ന ഹിന്ദുക്കൾ ദേവനാഗരി ലിപിയിൽ എഴുതുന്ന ഹിന്ദി തങ്ങളുടെ ഭാഷയാണെന്നു കരുതാൻ തുടങ്ങി. അതേസമയം, പഞ്ചാബി ഭാഷയും ഗുരുമുഖി ലിപിയും തങ്ങളുടെ സംസ്കാരത്തിന്റെ—എന്തിനു്, മതത്തിന്റെതന്നെ—ഭാഗമാണെന്നു് സിഖുകാർ വിശ്വസിച്ചു. ഗുരുമുഖി ലിപിയിലെഴുതിയ പഞ്ചാബി ഭാഷയ്ക്കു് വിദ്യാഭ്യാസത്തിൽ കൂടുതൽ സ്ഥാനം ലഭ്യമാക്കുന്നതിനുള്ള ഒരു പ്രക്ഷോഭണം പഞ്ചാബിലെ സിഖുകാർക്കിടയിൽ

1950—കളിൽ ആരംഭിച്ചു. അവരുടെ ആവശ്യത്തെ തൃപ്തിപ്പെടുത്തുന്നതിന് അന്നു പഞ്ചാബിലെ മുഖ്യമന്ത്രിയായിരുന്ന ഭീമസേൻ സചർ ആവിഷ്കരിച്ച 'ഫോർമുല' പര്യാപ്തമാണെന്നു കരുതപ്പെട്ടില്ല. പഞ്ചാബ് സംസ്ഥാനം വിഭജിക്കുകയും പഞ്ചാബി ഭാഷ സംസാരിക്കുന്നവർക്ക് ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് 'പഞ്ചാബി സൂബാ' എന്ന പേരിൽ ഒരു പുതിയ സംസ്ഥാനം രൂപവൽക്കരിക്കുകയും വേണമെന്ന് ചില സിഖ് നേതാക്കൾ വാദിച്ചു. അവരുടെ സമ്മർദത്തിന് ഒടുവിൽ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു വഴങ്ങിക്കൊടുത്തു. 1966 നവംബർ 1—ാം തീയതി പഞ്ചാബ് വിഭജിക്കപ്പെട്ടു. അങ്ങനെ ഇന്നത്തെ പഞ്ചാബ് സംസ്ഥാനവും ഹരിയാന സംസ്ഥാനവും നിലവിൽവന്നു. സംയുക്തപഞ്ചാബിന്റെ തലസ്ഥാനമായിരുന്ന ചണ്ഡീഗഢ് കേന്ദ്രഭരണത്തിലുമായി.

സിഖുകാരുടെ പ്രക്ഷോഭണം ഇതുവരെ ഭാഷയെച്ചൊല്ലിയായിരുന്നു. ഇനിയങ്ങോട്ട് ആ പ്രക്ഷോഭണത്തിന്റെ കേന്ദ്രപ്രശ്നം മതമായി മാറി. സിഖുകാരുടെ രാഷ്ട്രീയസംഘടനയായിരുന്ന അകാലി പാർട്ടി 1973 ഒക്ടോബറിൽ ആനന്ദ്പൂർ സാഹിബ് എന്ന ഗുരുദ്വാരയുടെ പരിസരങ്ങളിൽ ഒരു സിഖ് മഹാസമ്മേളനം വിളിച്ചുകൂട്ടി. അത്യന്തം പരിമിതപ്പെടുത്തിയ അധികാരങ്ങൾ മാത്രമുള്ള കേന്ദ്രസർക്കാരിനു കീഴിൽ, ഏറെക്കുറെ പൂർണസ്വതന്ത്രമായ സിഖ് സംസ്ഥാനം സ്ഥാപിക്കാൻ ആവശ്യപ്പെടുന്ന ഒരു പ്രമേയം ഈ സമ്മേളനത്തിൽ അവതരിപ്പിച്ചു പാസ്സാക്കിയെടുക്കുകയും ചെയ്തു. 'ആനന്ദ്പൂർ പ്രമേയ'ത്തിന്റെ പിന്നിലാണ് ഇപ്പോഴും അകാലികൾ ഉറച്ചുനില്ക്കുന്നത്. ഈ പ്രമേയത്തിലെ ആവശ്യം സാധിച്ചുകിട്ടുന്നതിനുവേണ്ടി 1980 ആഗസ്റ്റിൽ അകാലികൾ കേന്ദ്രഗവൺമെന്റിനെതിരെ 'ധർമയുദ്ധം' ആരംഭിച്ചു. അടിച്ചമർത്തപ്പെട്ട ഈ 'ധർമയുദ്ധ'മാണ് പിന്നീടു സിഖ് ഭീകരപ്രസ്ഥാനമായി പരിണമിച്ചത്.

അനുയായികളുടെ ഹൃദയങ്ങളിൽ ആഴത്തിൽ മുദ്രപതിപ്പിക്കാൻ കഴിഞ്ഞ ഒരു മതനേതാവ് ഈ കാലത്ത് സിഖുകാരുടെ ഇടയിൽ ഉണ്ടായി. 'സന്ത് ജർണൈൽ സിംഹ് ഭിൻഡെറാൻ വാലേ' എന്ന് അറിയപ്പെടുന്ന ഈ മതഭ്രാന്തനെ അകാലി പാർട്ടിക്കെതിരെ ഇന്ദിരാഗാന്ധി വളർത്തിക്കൊണ്ടുവന്നതാണെന്ന ആരോപണമുണ്ട്. അതെന്തായാലും ഭിൻഡെറാൻ വാലേ അമൃത്സറിലെ സുവർണക്ഷേത്രം ഒരു ആയുധക്കോട്ടയാക്കി മാറ്റി. അവിടെ ഇരുന്നുകൊണ്ട് ഇന്ത്യാഗവൺമെന്റിനെതിരെ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. ഇന്ത്യൻ പട്ടാളം 1984 ജൂൺ 5—ാം തീയതി സുവർണക്ഷേത്രത്തിൽ കടന്നു. ഭിൻഡെറാൻവാലേയും അയാളുടെ മുഖ്യ സഹായികളും വെടിയേറ്റു മരിച്ചു. 'നീലനക്ഷത്രം' (ബ്ലൂ സ്റ്റാർ) എന്ന പേരിലാണ് ഈ പട്ടാളനടപടി അറിയപ്പെടുന്നത്. 'നീലനക്ഷത്ര'ത്തിലൂടെ തങ്ങളുടെ പരമപാവനമായ ക്ഷേത്രത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തിയതിനുള്ള പ്രതികാരമെന്ന നിലയിൽ രണ്ടു സിഖുകാർ ഇന്ദിരാഗാന്ധിയെ 1984 ഒക്ടോബർ 31—ാം തീയതി വെടിവെച്ചുകൊന്നു.

ഇന്ദിരാഗാന്ധിയെത്തുടർന്ന് ഇന്ത്യയുടെ പ്രധാനമന്ത്രിയായിത്തീർന്ന രാജീവ്ഗാന്ധി 1985 ജൂലൈ 24—ാം തീയതി അകാലികളുടെ പ്രാമാണികനേതാവായിരുന്ന സന്ത് ലോംഗോവാലുമായി ഒരു ഒത്തുതീർപ്പുണ്ടാക്കി. ഇതനുസരിച്ച് 1985 ആഗസ്റ്റിൽ പഞ്ചാബിൽ തെരഞ്ഞെടുപ്പു നടന്നു. ബർണാലയുടെ നേതൃത്വത്തിൽ അകാലി പാർട്ടിയുടേതായ ഒരു മന്ത്രിസഭ കോൺഗ്രസ് പാർട്ടിയുടെ സഹായത്തോടെ പഞ്ചാബിന്റെ ഭരണം ഏറ്റെടുക്കുകയും ചെയ്തു. പക്ഷേ, രാജീവുമായി ഒത്തുതീർപ്പുണ്ടാക്കിയ സന്ത് ലോംഗോവാലിനെ അതിനുമുമ്പു സിഖ് ഭീകരർ കൊലപ്പെടുത്തിയിരുന്നു.

ബർണാല മന്ത്രിസഭയ്ക്ക് പഞ്ചാബിലെ ഭീകരരെ നിലയ്ക്കുനിർത്താൻ കഴിഞ്ഞില്ല. ഉഗ്രവാദികൾ വീണ്ടും സുവർണക്ഷേത്രത്തിൽ നിലയുറപ്പിക്കു

കയും അവിടെ ആയുധങ്ങൾ സംഭരിക്കുകയും ചെയ്തു. 'ഖാലിസ്ഥാൻ' എന്ന സ്വതന്ത്രരാഷ്ട്രം നിലവിൽവന്നതായി 1986 ജനുവരി 26–ാം തീയതി അവർ പ്രഖ്യാപിച്ചു. സുവർണക്ഷേത്രത്തിൽ ഖാലിസ്ഥാൻ പതാക ഉയർത്തുകയും ചെയ്തു. സിഖുകാരുടെ മതപരവും രാഷ്ട്രീയവുമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് 'പന്ഥിക് കമ്മിററി' എന്ന പേരിൽ ഒരു സർവാധികാര സമിതിയേയും ഇവർ നിയമിച്ചു. ഖാലിസ്ഥാന്റെ തലസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടിരുന്നതു ഡില്ലിയാണെന്ന വസ്തുത രസകരമാണ്. സിഖ്മത നിയമങ്ങൾ അനുസരിച്ച് സിഖുകാർ ഭരിക്കുന്നതും എങ്കിലും സിഖ് ഇതര ജനങ്ങൾക്ക് ഭൂരിപക്ഷമുള്ളതുമായ ഒരു വിശാലരാഷ്ട്രമാണ് സിഖ് ഉഗ്രവാദികളുടെ സങ്കല്പത്തിലുള്ള ഖാലിസ്ഥാൻ.

മൂന്നു മാസം കഴിഞ്ഞ് പഞ്ചാബ് മുഖ്യമന്ത്രി ബർണാലയുടെ ആജ്ഞ അനുസരിച്ച് പഞ്ചാബിലെ പോലീസ് 1986 ഏപ്രിൽ 30–ാം തീയതി സുവർണക്ഷേത്രത്തിൽ പ്രവേശിച്ച് ഉഗ്രവാദികളെ അവിടെനിന്നു പുറത്താക്കി.

നിരപരാധികളും നിസ്സഹായരുമായ ജനങ്ങളെ (ഇവരിൽ ഹിന്ദുക്കളും സിഖുകാരും ഉൾപ്പെടും) വെടിവെച്ചും ബോംബു പൊട്ടിച്ചും കൊല്ലുക, ബാങ്കുകളും വീടുകളും കൊള്ളയടിക്കുക—പഞ്ചാബിലെ ഉഗ്രവാദികളുടെ സമരമുറ ഇതായിത്തീർന്നു. ഇവരുടെ അക്രമപ്രവർത്തനങ്ങൾ പഞ്ചാബിൽ മാത്രമായി ഒതുങ്ങിനിന്നില്ല. 'നീലനക്ഷത്രം' എന്ന പട്ടാളനടപടിയുടെ നേതൃത്വം നൽകിയ ജനറൽ വൈദ്യ എന്ന പട്ടാളഉദ്യോഗസ്ഥനെ ഇവർ 1986 ആഗസ്റ്റ് 10–ാം തീയതി പൂണേയിൽവെച്ചു വെടിവെച്ചു കൊന്നതു് ഇന്ത്യയെ മുഴുവൻ നടുക്കിയ ഒരു സംഭവമായിരുന്നു.

പഞ്ചാബിൽ ഭരണം നടത്തിയിരുന്ന അകാലിപാർട്ടി 1986 ഏപ്രിൽ മാസത്തിൽ സുവർണക്ഷേത്രത്തിൽ പോലീസ് കടന്നതിന്റെപേരിൽ രണ്ടായി പിളർന്നു. നാട്ടിൽ നിയമസമാധാനപാലനം അസാധ്യമായപ്പോൾ ബർണാല സർക്കാരിനു പഞ്ചാബിലെ കോൺഗ്രസ്സുകാർ നൽകിപ്പോന്ന പിന്തുണ പിൻവലിച്ചു. ബർണാലയുടെ അകാലി പാർട്ടിക്ക് നിയമസഭയിൽ ഭൂരിപക്ഷം നഷ്ടപ്പെട്ടതിനാൽ പഞ്ചാബ് സംസ്ഥാനം രാഷ്ട്രപതി ഭരണത്തിൻകീഴിലായി. ഇതിനിടയിൽ സുവർണക്ഷേത്രം മൂന്നാമതും ഭീകരപ്രവർത്തകരുടെ ആയുധക്കോട്ടയായി മാറിയിരുന്നു. 1988 മെയ് മാസത്തിൽ പഞ്ചാബ് പോലീസും കേന്ദ്ര റിസർവ് പോലീസും ചേർന്ന് സുവർണക്ഷേത്രം വളഞ്ഞു. ചെറുത്തുനിൽപ്പ് നിഷ്ഫലമെന്നു കണ്ട ഭീകരർ മെയ് 15–ാം തീയതി ക്ഷേത്രത്തിൽനിന്നു പുറത്തുവന്നു് പോലീസിനു കീഴടങ്ങി. 'കറുത്ത ഇടിമുഴക്കം' എന്ന പേരിലാണ് ഈ പോലീസ് നടപടി അറിയപ്പെടുന്നതു്.

'കറുത്ത ഇടിമുഴക്ക'ത്തിനുശേഷം ഇക്കഴിഞ്ഞ ആറു മാസങ്ങളിൽ ഭീകരരും പോലീസും തമ്മിലുള്ള സംഘട്ടനം പഞ്ചാബിൽ നിത്യസംഭവമായിരിക്കുന്നു. കുപ്രസിദ്ധരായ ഉഗ്രവാദികളിൽ പലരും ഇതിനകം പോലീസിന്റെ വെടിയേററു മരിച്ചുകഴിഞ്ഞിട്ടുണ്ട്. ഉഗ്രവാദം അമർച്ചചെയ്യുന്നതിൽ തങ്ങൾ വിജയിച്ചതായി കൂടെക്കൂടെ സർക്കാരിനുവേണ്ടി പ്രഖ്യാപിക്കപ്പെടാറുണ്ട്. പക്ഷേ, പഞ്ചാബിൽ ഇന്നും സുരക്ഷിതത്വമില്ല. ആർ, എവിടെ, എപ്പോൾ വെടിയേററു വീഴുന്നു എന്ന കാര്യത്തിൽ ഒരു നിശ്ചയവുമില്ല.

പഞ്ചാബ് പോലീസിന്റെ മുൻ ഡയറക്ടർ ജനറൽ ആയിരുന്ന കെ. എസ്. ധില്ലൻ ഈയിടെ മധ്യപ്രദേശിലെ സാഗർ സർവകലാശാലയിൽ ചേർന്ന ഒരു സെമിനാറിൽ പ്രസ്താവിച്ചതു്, അയ്യായിരത്തോളം ഉഗ്രവാദികൾ ഇപ്പോൾ പഞ്ചാബിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നാണ്. എന്നാൽ, ഉഗ്രവാദികളുടെ എണ്ണം എത്രയാണെന്നതു സംബന്ധിച്ച് ഒരു കണക്കും പഞ്ചാബ് പോലീസിന്റെ കൈയിൽ ഇല്ല. ആയിരത്തോളം ഉഗ്രവാദികൾ ഇതിനകം പോലീസുമായുള്ള ഏററുമുട്ടലുകളിൽ മരിച്ചുപോയിട്ടുണ്ട്. എണ്ണായിരത്തോളം ഉഗ്രവാദികളെ പോലീസ് അറസ്റ്റുചെയ്തിട്ടുണ്ട്. പഞ്ചാബിലെ ജയിലുക

ളിൽ രണ്ടായിരത്തഞ്ഞൂറോളം ഉഗ്രവാദികളുണ്ട്. എന്നിട്ടും തങ്ങൾ ഉദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും അക്രമപ്രവർത്തനങ്ങൾ നടത്തി രക്ഷപ്പെടാൻ ഒരു പ്രയാസവുമില്ലാത്തവിധം സുശക്തമാണ് പഞ്ചാബിലെ ഉഗ്രവാദികളുടെ സംഘടന.

അമൃത്സർ ജില്ലയിലെ മിക്ക ഗ്രാമപ്രദേശങ്ങളിലും രാഷ്ട്രപതിയുടെ സർക്കാരിനോടൊപ്പം ഉഗ്രവാദികളുടേതായ ഒരു സമാന്തര സർക്കാർകൂടി പ്രവർത്തിച്ചുവരുന്നുണ്ട്. തോക്കേന്തിയ ഭീകരപ്രവർത്തകർ ഗ്രാമപ്രദേശങ്ങളിൽ രാത്രികാലങ്ങളിൽ നിർബാധം സഞ്ചരിച്ച് ഖാലിസ്ഥാൻ സർക്കാരിന്റെപേരിൽ ജനങ്ങളിൽനിന്ന് പിരിവു നടത്തുന്നു. അമൃത്സർ ജില്ലയിലെ മിക്ക സ്കൂളുകളും അടഞ്ഞുകിടക്കുകയാണ്. ഇക്കഴിഞ്ഞ മൂന്നു വർഷങ്ങളിൽ എത്രയോ അദ്ധ്യാപകർ ഉഗ്രവാദികളുടെ വെടിയുണ്ടകളേററ് പിടഞ്ഞുവീണു മരിച്ചിട്ടുണ്ട്. ക്ലാസെടുക്കുമ്പോൾ തങ്ങൾ സുരക്ഷിതരാണെന്ന വിശ്വാസം അവിടെ അദ്ധ്യാപകർക്കില്ല.

മരിച്ചുപോയവരുടെ സ്ഥാനം നികത്തുന്നതിനു് പുതിയ റിക്രൂട്ടുകളെ സമ്പാദിക്കാൻ ഭീകരർക്ക് യാതൊരു പ്രയാസവുമില്ല. അഖിലേന്ത്യാ സിഖ് വിദ്യാർത്ഥി സംഘടന (എ. ഐ. എസ്. എസ്. എഫ്.) യിലെ മുഖ്യപ്രവർത്തകർ എല്ലാവരും ഭീകരപ്രവർത്തകരായി മാറിക്കഴിഞ്ഞുവെന്നാണ് വിശ്വസിക്കപ്പെടുന്നത്. സിഖ് സമുദായം നടത്തുന്ന ഒട്ടേറെ സ്കൂളുകളും കോളേജുകളുമാണ് ഭീകരരുടെ റിക്രൂട്ടിങ് ക്യാമ്പുകൾ. അമൃത്സറിലെ പ്രസിദ്ധമായ ഖാൽസാ കോളജ് ഭീകരരെ വാർത്തെടുക്കുന്നതിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന സ്ഥാപനമാണത്രെ. ജലന്ധറിലെ ല്യാൽപൂർ ഖാൽസാ കോളജിന്റെ സ്ഥിതിയും അതുതന്നെ.

ഖാലിസ്ഥാൻ കമാൻഡോ ഫോഴ്സ്, ഖാലിസ്ഥാൻ ലിബറേഷൻ ഫോഴ്സ്, ബബ്ബർ ഖാൽസ എന്നീ പേരുകളിലറിയപ്പെടുന്ന മൂന്ന് ഉഗ്രവാദി സംഘടനകളുടെ നേതാക്കൾ ഈയിടെ നടത്തിയ ഒരു പത്രസമ്മേളനത്തിന്റെ വിവരം 1988 നവംബർ 19—ലെ 'സ്റ്റേററ്സ്മാൻ' പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അഖിലേന്ത്യാ സിഖ് വിദ്യാർത്ഥി സംഘടനയുടെ നേതാക്കളായ ദർജീത് സിംഹ്, ശേർ സിംഹ് എന്നിവരും ഈ പത്രസമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ചണ്ഡീഗഢിലെ പത്രപ്രതിനിധികളാണ് ഈ പത്രസമ്മേളനത്തിൽ പങ്കെടുത്തിരുന്നതു് എന്നതിനാൽ സമ്മേളനം നടന്നതു് ചണ്ഡീഗഢിൽ എവിടെയോ ആണെന്നു് ഊഹിക്കാം. പഞ്ചാബ് പോലീസ് വേട്ടയാടുന്ന കൊലപാതകികളാണ് ഈ ഉഗ്രവാദികളെല്ലാം. എന്നിട്ടും അവർ 'ശാന്തരും ഖാലിസ്ഥാൻ എന്ന ലക്ഷ്യം നേടുന്നതിനു് കടുത്ത പോരാട്ടം നടത്തുവാൻ ഉറച്ചവരും' ആയി കാണപ്പെട്ടുവത്രെ.

ഉഗ്രവാദികൾ തങ്ങളുടെ കേന്ദ്ര സംഘടനയായ 'പന്ഥിക് കമ്മററി' ഈയിടെ പുനസ്സംഘടിപ്പിച്ചിട്ടുണ്ട്. മുമ്പ് പഞ്ചാബിലെ ആരോഗ്യവകുപ്പിന്റെ ഡയറക്ടറായിരുന്ന ഡോ. സോഹൻസിംഹ് ഇപ്പോൾ പന്ഥിക് കമ്മററിയിൽ ഒരു അംഗമാണ്. 1984—ലെ 'നീലനക്ഷത്ര' നടപടിക്കുശേഷം ഇയാൾ ഒളിവിലായിരുന്നു. ചണ്ഡീഗഢ് പോലീസ് ഇപ്പോഴും ഇയാളെ അന്വേഷിച്ചുനടക്കുകയാണ്. ഉഗ്രവാദികളുടെ മുഖ്യ ബുദ്ധിജീവിനേതാവ് ഇപ്പോൾ സോഹൻസിംഹ് ആണത്രെ. ഇയാളുടെ ഒരു മകൻ പഞ്ചാബിലെ ഒരു സീനിയർ ഐ. എ. എസ്. ഓഫീസറാണെന്ന വസ്തുതയും പ്രസ്താവ്യമാണ്.

പന്ഥിക് കമ്മററിയുടെ പുനസ്സംഘടനയ്ക്കുശേഷം പഞ്ചാബിലെ ഭീകരപ്രസ്ഥാനം കൂടുതൽ കെട്ടുറപ്പുള്ളതായിത്തീർന്നിട്ടുണ്ട്. ഭീകരർക്കിടയിൽ അഭിപ്രായഭേദങ്ങളില്ല എന്നു് ഇതിനർത്ഥമില്ല. മുമ്പ് ഉഗ്രവാദി നേതാക്കളിൽ പ്രമുഖനെന്നു കരുതപ്പെട്ടിരുന്ന ഗുർബചൻ സിംഹ് മനോചഹലിനു് പുതിയ പന്ഥിക് കമ്മററിയിൽ സ്ഥാനം നൽകപ്പെട്ടിട്ടില്ല. 1986 ജനുവരി

26–ന് രൂപവൽക്കരിച്ച ആദ്യത്തെ പന്ഥിക് കമ്മററിയിൽ അംഗമായിരുന്നു ഇയാൾ. അമൃത്സർ ജില്ലയിലെ തരൺ താരൺ പ്രദേശത്തു് അക്രമങ്ങൾ നടത്തിയിരുന്ന 'ഭിൻഡ്രൻവാലേ ടൈഗർ ഫോഴ്സ് ഓഫ് ഖാലിസ്ഥാൻ' എന്ന ഭീകരസംഘത്തിന്റെ തലവനമായിരുന്നു മനോചഹൽ. 1988 മെയ് മാസത്തിൽ 'കറുത്ത ഇടിമുഴക്കം' എന്ന നടപടിയെ തുടർന്നു് പോലീസിനു് കീഴടങ്ങിയവരിൽ ഈ ഭീകരസംഘത്തിന്റെ ഒട്ടേറെ നേതാക്കൾ ഉൾപ്പെട്ടിരുന്നു. അവരിൽ പലരും അന്നു് പോലീസിന്റെ വെടിയേററു് മരിക്കുകയും ചെയ്തിരുന്നു. ഉഗ്രവാദികൾക്കിടയിൽ മനോചഹലിന്റെ പ്രാമാണ്യം നഷ്ടപ്പെടാൻ ഇതു് കാരണമായിരിക്കാം. എന്നാലും 1988 നവംബർ ആദ്യവാരത്തിൽ പഞ്ചാബിലെ അജ്നാല എന്ന സ്ഥലത്തുവെച്ച് ഒരു ബസ്സു് തടഞ്ഞു നിർത്തി അതിലെ പതിനൊന്നു ഹിന്ദു യാത്രക്കാരെ താഴെയിറക്കി വെടിവെച്ചുകൊന്നു് ഇയാളുടെ ഭീകരസംഘം അവരുടെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുവാൻ ശ്രമിക്കുകയുണ്ടായി. സിഖുകാരുടെ പരമാധികാരസ്ഥാപനമായ അകാൽതഖ്തിന്റെ തലവനായും മനോചഹൽ കുറേക്കാലം പ്രവർത്തിച്ചിട്ടുണ്ടു്. ഇയാൾ ഇപ്പോഴും ഒളിവിലാണെന്നു പറയേണ്ടതില്ല.

ആദ്യത്തെ പന്ഥിക് കമ്മററിയിൽ അംഗമായിരുന്ന വസ്സൻ സിംഹ് ജാഫർവാലിനെയും പുതിയ പന്ഥിക് കമ്മററിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ രണ്ടു വർഷങ്ങളായി ഇയാൾ പാകിസ്ഥാനിലായിരുന്നു എന്നു പറയപ്പെടുന്നു. പോലീസുമായുള്ള ഒരു ഏററുമുട്ടലിൽ ഇയാൾ കൊല്ലപ്പെട്ടു എന്ന പത്രറിപ്പോർട്ടിനെ സിഖ് വിദ്യാർത്ഥിസംഘടനാ പ്രതിനിധികൾ നിഷേധിച്ചിട്ടുണ്ടു്.

സിഖ് ഉഗ്രവാദികൾക്കിടയിൽ ശ്രദ്ധിക്കപ്പെടേണ്ട രണ്ടു യുവാക്കളാണു് അഖിലേന്ത്യാ സിഖ് വിദ്യാർത്ഥിസംഘടനയുടെ കൺവീനറായ ദൽജിത് സിംഹും അതേ സംഘടനയുടെ മററൊരു നേതാവായ ചരൺജിത് സിംഹ് ചന്നിയും. 'ഏകീകൃത (യുണിഫൈഡ്) അകാലിദൾ' എന്ന അകാലിദൾ വിഭാഗത്തിന്റെ പ്രസിഡണ്ടു് ആയ ജഗ്ദേവ് സിംഹ് തലവണ്ഡിയുടെ അനന്തരവനാണു് ചന്നി. ചന്നിയുടെ അച്ഛൻ ദേവരാജ് സിംഹ് അകാലിപാർട്ടിയിൽപ്പെട്ട ഒരു എം. എൽ. എ ആയിരുന്നു. സന്ത് ലോംഗോവാൽ അടക്കം മിതവാദികളായ പല അകാലി നേതാക്കളെയും കൊലപ്പെടുത്തിയതിൽ ചന്നിക്കു പങ്കുണ്ടു്. ജനറൽ വൈദ്യയെ പൂണെയിൽ കൊലപ്പെടുത്തിയതു് ദൽജിത് സിംഹ് തയ്യാറാക്കിയ പദ്ധതിയനുസരിച്ചാണത്രെ. പഞ്ചാബിൽ ഖാലിസ്ഥാൻ പ്രസ്ഥാനത്തിനു് ആശയപരമായ നേതൃത്വവും തന്ത്രപരമായ പ്രവർത്തനപരിപാടിയും നൽകുന്നതു് ഈ രണ്ടു യുവാക്കളാണെന്നു പറയപ്പെടുന്നു. കൂട്ടക്കൊലകളിലല്ലാതെ, തിരഞ്ഞെടുത്ത വ്യക്തികളുടെ കൊലകളിൽ വിശ്വസിക്കുന്നവരാണത്രെ രണ്ടുപേരും. എങ്കിലും ഈയിടെ ബടാല എന്ന നഗരത്തിൽ കുട്ടികളടക്കം രണ്ടു ഡസനിലേറെ നിരപരാധികളെ ബോംബ് പൊട്ടിച്ചു് കൊന്നതിനെ ഇവർ ന്യായീകരിച്ചിട്ടുണ്ടു്.

രാജീവ്–ലോംഗോവാൽ ഒത്തുതീർപ്പിൽ പരാമർശിക്കപ്പെട്ട പഞ്ചാബിലെ അടിസ്ഥാനപ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടാതെ കിടക്കുകയാണു്. ചണ്ഡീഗഢ് പഞ്ചാബിനും പഞ്ചാബിലെ ഏതാനും ഹിന്ദി പ്രദേശങ്ങൾ ഹരിയാനയ്ക്കും നൽകപ്പെട്ടിട്ടില്ല. പഞ്ചാബിലൂടെ ഒഴുകുന്ന നദീജലത്തിൽ കുറച്ചു് രാജസ്ഥാനിലേക്കും ഹരിയാനയിലേക്കും തിരിച്ചുവിടുന്നതു് സംബന്ധിച്ച തർക്കത്തിനും പരിഹാരമുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ജസ്റ്റിസ് ഏറാടിയുടെ മാദ്ധ്യസ്ഥനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടില്ല. 1984 നവംബറിൽ ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടതിനെ തുടർന്നു് ദില്ലിയിലുണ്ടായ സിഖ് വിരുദ്ധ ലഹളകളിൽ അക്രമങ്ങൾ പ്രവർത്തിച്ചവരിൽ ചിലർ മാത്രമേ ശിക്ഷിക്കപ്പെട്ടിട്ടുള്ളു; പലരും രക്ഷപ്പെട്ടിരിക്കുകയാണെന്നു് ആക്ഷേപമുണ്ടു്.

‘നീലനക്ഷത്ര’ നടപടിയെ തുടർന്ന് കലാപമുണ്ടാക്കിയ സിഖ് പട്ടാളക്കാരുടെ പ്രശ്നവും പഴയപോലെ അവശേഷിക്കുന്നു.

ഈ ചുററുപാടിൽ പ്രാദേശിക സ്ഥാപനങ്ങളിലേക്കു തിരഞ്ഞെടുപ്പു നടത്തിയതുകൊണ്ടു മാത്രം പഞ്ചാബിലെ സ്ഥിതിഗതികളിൽ എന്തു മാററം വരാനാണ്? മുഖ്യമായ ഒരു അവയവത്തെ ബാധിച്ച ക്യാൻസർപോലെ, പഞ്ചാബിലെ ഭീകരപ്രസ്ഥാനം ഇന്ത്യൻ സമൂഹത്തിന്റെ ആരോഗ്യത്തെ കാർന്നുതിന്നു നശിപ്പിച്ചുകൊണ്ട് ദീർഘകാലത്തേക്ക് നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്നു കരുതാനാണ് ന്യായം കാണുന്നത്.

എന്തു ചെയ്യാം? സഹിക്കുകതന്നെ!

(22 നവംബർ 1988)

# 23. ഡാർജിലിങ് ഗോർഖാഹിൽ കൗൺസിൽ

പശ്ചിമബംഗാൾ സംസ്ഥാനത്തിലേർപ്പെട്ട ഡാർജിലിങ് എന്ന ഹിമാലയൻ സുഖവാസകേന്ദ്രം തലസ്ഥാനമാക്കി, ഗോർഖാജനവിഭാഗത്തിനു ഭൂരിപക്ഷമുള്ളതും ഡാർജിലിങ്, കർസിയോങ്, കലിംപോങ് എന്നീ സബ്ഡിവിഷനുകളും മററു ഏതാനും പ്രദേശങ്ങളും ഉൾപ്പെടുന്നതുമായ ഒരു പുതിയ സംസ്ഥാനം ഇന്ത്യൻ യൂണിയനകത്ത് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സുഭാസ് ഘീസിങ്ങിന്റെ നേതൃത്വത്തിൽ ‘ഗോർഖാ നാഷനൽ ലിബറേഷൻ ഫ്രണ്ട്’ (ഗോർഖാദേശീയ വിമോചനമുന്നണി—ജി. എൻ. എൽ. എഫ്.) എന്ന സംഘടന 1986 മെയ്മാസത്തിൽ ആരംഭിച്ച പ്രക്ഷോഭണത്തെപ്പററി ആ ആണ്ടിൽ ജൂൺ 20–ാം തീയതി ഈ പംക്തിയിൽ ഞാൻ എഴുതിയിരുന്നു (മനനങ്ങൾ നിഗമനങ്ങൾ പേജ് 187) ഈ പ്രക്ഷോഭണം അതിന്റെ ആരംഭത്തിൽ ബംഗാളിൽ അധികാരം പുലർത്തുന്ന കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും ഗോർഖകളും തമ്മിലുള്ള ഒരു ‘യുദ്ധം’ ആയിരുന്നതിനാൽ, മാർക്സിസ്റ്റുകാരെ അലോസരപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രഗവൺമെൻറ് ഗോർഖകളെ അനുകൂലിക്കുകയാണെന്ന ധാരണ പരക്കെ ഉണ്ടായിരുന്നു. എന്നാൽ, പ്രക്ഷോഭണത്തിൻ ഫലമായി ജനങ്ങളുടെ ജീവനും (ഇരുനൂററിമുപ്പതു മരണം) സ്വത്തിനും (നൂററിനാല്പതുകോടി ഇരുപതുലക്ഷം രൂപ) സംഭവിച്ച നാശം പ്രതീക്ഷയിൽ കവിയുകയും പ്രക്ഷോഭണം നീണ്ടുപോകുന്നതു രാജ്യത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കിയേക്കുമെന്ന് ആശങ്ക ഉളവാകുകയും ചെയ്തതു നിമിത്തമാവണം, 1987 മധ്യമായപ്പോഴേക്ക് ഈ പ്രശ്നം സംബന്ധിച്ച കേന്ദ്രഗവൺമെൻറിന്റെ നിലപാടിൽ പ്രകടമായ ഒരു മാററം കാണപ്പെട്ടു. ‘ഗോർഖാലാൻഡ്’ എന്ന പേരിൽ ഒരു സംസ്ഥാനം രൂപവൽക്കരിക്കുക സാദ്ധ്യമല്ലെന്ന് കേന്ദ്രഗവൺമെൻറ് ദൃഢമായി പ്രഖ്യാപിച്ചു; അതേസമയം, ഗോർഖകൾക്കു ഭൂരിപക്ഷമുള്ള പ്രദേശങ്ങൾക്ക് വ്യാപകമായ സ്വയംഭരണം അനുവദിക്കുന്നതിന് പശ്ചിമബംഗാൾ ഗവൺമെൻറിനെ പ്രേരിപ്പിക്കുകയും ചെയ്തു. കേന്ദ്രഗൃഹമന്ത്രി ബൂട്ടാസിംഹും പശ്ചിമബംഗാൾ മുഖ്യമന്ത്രി ജ്യോതിബസുവും ഗോർഖാനേതാവ് സുഭാസ് ഘീസിങ്ങും ചേന്ന് ദില്ലിയിൽ ഒന്നിലേറെ തവണ സംഭാഷണങ്ങൾ നടത്തി വിശദാംശങ്ങളിൽ ധാരാളം വിട്ടുവീഴ്ചകൾക്ക് ജ്യോതിബസുവും ഘീസിങ്ങും തയ്യാറായി. ഒടുവിൽ, 1988 ജൂലൈ 25–ാം തീയതി ഒരു ഒത്തുതീർപ്പുരേഖയിൽ (മെമ്മോറാണ്ടം ഓഫ് സെററിൽമെൻറ്) ഘീസിങ്ങും ബംഗാൾ ഗവൺമെൻറിന്റെ ചീഫ് സെക്രട്ടറിയും കേന്ദ്രഗവൺമെൻറിന്റെ ഹോം സെക്രട്ടറിയും കൽക്കത്തയിൽ ഒപ്പുവെച്ചു